# ആമുഖം

പശ്ചിമഘട്ടമലനിരകളുടെ കിഴക്കേ ചരിവിൽ ഡക്കാൻ പീഠഭൂമിയുടെ ഭാഗമായുള്ള വയനാട് ജില്ലയുടെ സമുദ്രനിരപ്പിൽ നിന്നുള്ള ശരാശരി ഉയരം 800മീ ആണ്. വയനാട് ജില്ലയുടെ ഭൂമിയുടെ പ്രതലത്തിന് ചരിവ് വളരെ കൂടുതലാണ്. 2068മീ മുതൽ മീറ്റർ വരെ ഉയരമുള്ള സ്ഥലങ്ങൾ വയനാട് ജില്ലയിലുണ്ട്. 2132ച.കി.മീ വിസ്തൃതിയുള്ള ഇവിടെ പൊതുവെ വൻ നഗരങ്ങൾ കുറവാണ്. ഇരുപത്തിയഞ്ച് പഞ്ചായത്തുകളും ഒരു മുൻസിപ്പാലിറ്റിയുമാണുള്ളത്. ആകെ ജനസംഖ്യ 786627ആണ്. വികസന കാര്യങ്ങളിൽ പിന്നോക്ക ജില്ലയെന്ന് പറയപ്പെടുന്ന ഇവിടെ കൃഷിയാണ് പ്രധാന തൊഴിൽ മേഖല. വ്യവസായങ്ങൾ നാമമാത്രമാണ്. നിർമ്മൽ പുരസ്കാരത്തിന് അർഹമായ ജില്ല കൂടിയാണ് വയനാട്.

**വയനാട് ജില്ലയിലെ ഇരുപത്തിയഞ്ച് പഞ്ചായത്തുകളുടെ ശുചിത്വ സമീപനരേഖയിലെ അടിസ്ഥാന വിവരങ്ങൾ**

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലെത്തുന്നതിനായി വയനാട് ജില്ലയിലെ ഇരുപത്തിയഞ്ച് പഞ്ചായത്തുകളും അവരവരുടെ പഞ്ചായത്തിൽ മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതിനെപ്പറ്റി ശുചിത്വ സമീപന രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയോരൊന്നും അതാത് പഞ്ചായത്തിലെ മാലിന്യത്തിന്റെ നിലവിലെ അവസ്ഥകൾ അളവുകൾ പൊതു അവലോകനങ്ങൾ പഞ്ചായത്തിന്റെ പൊതു സമീപനം, ഖരമാലിന്യ പരിപാലന കർമ്മപരിപാടികൾ, പ്രൊജക്ട് മുൻകൈ, വാർഡുതല, ഖരമാലിന്യ പരിപാലന സമിതികൾ, അയൽക്കൂട്ടതല ഖരമാലിന്യ പരിപാലന സമിതികൾ, തന്ത്രങ്ങൾ, നിർദ്ദേശങ്ങൾ, വ്യക്തികളും സ്ഥാപനങ്ങളും പാലിക്കേണ്ട നീതിയും നിബന്ധനകളും തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

നിലവിലുള്ള അവസ്ഥയിൽ മാലിന്യങ്ങൾ പ്രഭവസ്ഥാനത്തു വച്ചുതന്നെ സംസ്ക്കരിക്കാനാവാത്തത് ഒരു പ്രധാന പ്രശ്നമായി പറയുന്നു. ഗൃഹമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പഞ്ചായത്തുകളിലെ മിക്ക വീടുകളിലും പ്രത്യേക സംവിധാനങ്ങൾ ഇല്ല. കത്തിച്ചുകളയുകയും വലിച്ചെറിയുകയുമാണ് ചെയ്യുന്നത്. ജൈവമാലിന്യങ്ങൾ വീടുകളിലേത് കന്നുകാലികൾക്കും പന്നികൾക്കും തീറ്റയായി കൊടുക്കുന്നു. സ്കൂളുകളിലേത് കുഴികളിൽനിക്ഷേപിക്കുന്നു. ചുരിക്കം ചില വീടുകളിൽ കംബോസ്റ്റ് നിർമ്മാണം, മണ്ണിര കംബോസ്റ്റ്, ബോയോഗ്യാസ് പ്ലാന്റ് എന്നിവയുണ്ട്. അജൈവമാലിന്യങ്ങൾ ഭൂരിഭാഗം പഞ്ചായത്തുകളിലേയും അലക്ഷ്യമായി വലിച്ചെറിയുകയും കൂട്ടിയിട്ട് കത്തിക്കുകയും, പുഴയോരങ്ങളിൽ നിക്ഷേപിക്കുകയും, ചിലയിടങ്ങളിൽ വിൽപ്പനയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്നു. ടൗണുകളിലേതാണെങ്കിൽ ഓടകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ദ്രവമാലിന്യങ്ങൾ അലക്ഷ്യമായി പൊതു സ്ഥലങ്ങളിലേക്കും ഓടകളിലേക്കും ഒഴുക്കി വിടുന്നു. ചില പഞ്ചായത്തുകളിലേത് പ്ലാന്റ് വഴി സംസ്കരിക്കുന്നു.

മാലിന്യത്തിന്റെ അളവുകളെകുറിച്ചുള്ള വിശദീകരണം അവിശ്വാസനിയമായതാണ്. രേഖകൾ പ്രകാരമുള്ള ഓരോ പഞ്ചായത്തിലും ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവുകൾ ചുവടെ ചേർക്കുന്നു.

| Name of Panchayath | House | | School | | Total Quantity of Hospital waste | Total of each panchayath |
|---|---|---|---|---|---|---|
| | Bio-degradable | Non bio - degradable | Bio-degradable | Non-bio degradable | | |
| Mananthavadi | 15800 | 840 | 123 | 10 | 126.5 | 16899.5 |
| Tavinjal | 18100 | 4525 | 42 | 21 | 32 | 22720 |
| Thirunelli | 12105 | 3027 | 26 | 63 | 16 | 15237 |
| Panamaram | 9078 | 4539 | 1250 | 49 | 119 | 15035 |
| Edavaka | 14421 | 3601 | 64 | 32 | 36 | 18154 |
| Thondarnad | 12200 | 6100 | 10 | 10 | 48 | 18368 |
| Vellamunda | 15200 | 7600 | 18 | 18 | 30 | 22866 |
| Meenangadi | 9745 | 3821 | | | 0 | 13566 |
| Poothadi | 117994 | 4498.5 | 40 | 20 | 27 | 122579.5 |
| Pulpalli | 4651 | 164 | 420 | 5 | 5 | 5245 |
| Ambalavayal | 8190 | 59.5 | 40 | 5 | 52 | 8346.5 |
| Batheri | 10030 | 319 | 500 | 50 | 160 | 11059 |
| Mullankolli | 6976 | 139.2 | | | 102.5 | 7217.7 |
| Noolpuzha | 12235 | 3030 | 95 | 1 | 8.2 | 15369.2 |
| Nenmeni | 10630 | 105.45 | 120 | 20 | 8 | 10883.45 |
| Meppadi | 24310 | 3999 | 160 | 10 | 0 | 28479 |
| Muttil | 13322 | 21.7 | 120 | 2 | 5 | 13470.7 |
| Padinjarathara | 14010 | 25.65 | 105 | 1.2 | 0 | 14141.85 |
| Moopainad | 6450 | 130 | 315 | 2 | 51 | 6948 |
| Vythiri | | | | | 3.7 | 3.7 |
| Pozhuthana | 7650 | 20.8 | 85 | 1 | 2 | 7758.8 |
| Kottathara | 2578 | 146 | 2310 | 90 | 1400 | 6524 |
| Kaniyampatta | 12176 | 6.5 | 35 | 14 | 44 | 12275.5 |
| Vengapalli | 6200 | 11.75 | 80 | 0.9 | 0 | 6292.65 |
| Thariyodu | 9375 | 17.1 | 95 | 1 | 13.2 | 9501.3 |
| **Total of each category** | **373426** | **46747.15** | **6053** | **426.1** | **2289.1** | **428941.35** |

**മാലിന്യസംസ്കരണ ശുചിത്വ സമീപനം എന്നിവയ്ക്ക് വേണ്ടി ജില്ലയിൽ നടന്ന പ്രവർത്തനങ്ങൾ**

പൊതു അവലോകനം എന്ന നിലയിൽ സംസ്ഥാനത്തൊകെ നടന്ന ശുചികരണ പ്രവർത്തനത്തിന്റെ ഭാഗമായി മിക്കവാറും പഞ്ചായത്തുകളും ശുചീകരണപ്രവർത്തനങ്ങൾ നടത്തിയതായി കാണിച്ചിരിക്കുന്നു. കൂടാതെ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, നോട്ടീസ് വിതരണം എന്നിവയോടൊപ്പം സന്നദ്ധ സംഘടനകളുടേയും പൊതു ജനങ്ങളുടേയും സഹകരണത്തോടെ ശുചിത്വ ക്രമീകരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ജനങ്ങളിൽ ശുചിത്വ ബോധമുണ്ടാക്കാൻ ഊ പ്രവർത്തനങ്ങളിൽ സഹായിച്ചു എന്നും കാണിച്ചിരിക്കുന്നു. പഞ്ചായത്തുകളെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തിൽ ശുചിത്വവുമായി ബന്ധപ്പെട്ട് പഞ്ചായത്തുതലത്തിൽ മർമ്മസമിതിയും വാർഡ്തല സമിതിയും രൂപീകരിച്ചിട്ടുണ്ട്.

**മാലിന്യസംസ്കരണത്തിനു വേണ്ടി പഞ്ചായത്തുകൾ ആവിഷ്കരിച്ചിരിക്കുന്ന കർമ്മപരിപാടികളും നിർദ്ദേശങ്ങളും**

പൊതു ജനങ്ങളുടെ ഇടയിൽ ശുചിത്വബോധത്തിൽ സമഗ്രമായ മാറ്റം വരിത്തുന്നതിനുള്ള ബോധവൽക്കരണം. പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക. വിവിധ മാലിന്യങ്ങൾക്ക് സംസ്കരണ രീതി നടപ്പാക്കുക. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക. പൊളിഞ്ഞ ടാങ്കുകളും പൈപ്പുകളും ശരിയാക്കുക. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മാസ്റ്റർ പ്ലാൻതയ്യാറാക്കി സമയ ബന്ധിതമായി നടപ്പിലാക്കുക. എന്നിവയെല്ലാം ആവിഷ്കരി

ച്ചിരിക്കുന്ന കർമ്മ പരിപാടികളാണ്. ഇതുകൂടാതെ ഖര മാലിന്യങ്ങളുടെ തരം തിരിവ് സംഭരണ-പരിപാലനം, മോണിറ്ററിംഗ്, വിലയിരുത്തൽ, ഗവേഷണവും വികസനവും, മാലിന്യ ശേഖരണം, സംസ്കരണം എന്നിവ വരുമാന ദായക രീതിയിലുള്ള ബിസ്സിനസ്സാക്കി മാറ്റുക, പേപ്പർ ബോഗുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക, പ്രകൃതിയ്ക്കനുസൃതമായ മാലിന്യനിർമാർജ്ജനം നടത്തുക, കൊതുകു നശീകരണം നടത്തുക എന്നീ നിർദ്ദേശങ്ങളും ഉണ്ട്.

പാൻ മസാലകളുടെ വിൽപ്പന നടത്തുന്നത് നിരോധിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുക, തണൽ മരങ്ങൾ, മുള മുതലായവ വെച്ചുപിടിപ്പിക്കുക. പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ തൊഴിൽ സൃഷ്ടിക്കുക. എന്നിവയോടൊപ്പം തന്നെ ഭാവിയിൽ വീടുകൾക്ക് നമ്പറുകൾ അനുവദിക്കുംമ്പോൾ വീടു നിർമ്മാണത്തോടൊപ്പം മാലിന്യ നിർമാർജ്ജന പ്ലാന്റുകൾ കൂടി ഉണ്ടായിരിക്കണം എന്ന പഞ്ചായത്തുകൾക്ക് നിയമം കൊണ്ടുവരാവുന്നതാണ്. ഇതിനൊപ്പം ടൗണുകളിലെ യുവജന സംഘടനകൾ, ക്ലബുകൾ മറ്റു സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി ക്ലീൻ സിറ്റി ഫോറം രൂപീകരിക്കണം. ദ്രവമാലിന്യങ്ങൾ ഓടകളിൽ ഒഴുക്കുന്നത് തടയണം. അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് പാത്രങ്ങൾ (waste bin) വെയ്ക്കണം.

സർക്കാർ നിയമ നിർമ്മാണം നടത്തി എല്ലാത്തരം പ്ലാസ്റ്റി എല്ലാത്തരം പ്ലാസ്റ്റിക്കുകളുടെയും ഉല്പാദനം നിരോധിക്കണം. അമിതമായ കീടനാശിനി, രാസവള പ്രയോഗം നിർത്തലാക്കണം. റോഡിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങൾ ചാക്കിൽകെട്ടി നിക്ഷേപിക്കുന്നവരുടെ പേരിൽ നടപടി എടുക്കണം. മാർഗനിർദ്ദേശങ്ങൾ എന്ന രീതിയിൽ ചില പഞ്ചായത്തുകൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

ചില സമീപന രേഖകളിൽ പ്രത്യേകമായി കഴിഞ്ഞ കാര്യങ്ങൾ.

എടവക ഗ്രാമ പഞ്ചായത്തിന്റെ രേഖയിൽ - ഇന്ത്യയിൽ ആദ്യമായി നടത്തിയ ശുചിത്വ പരിപാടി എന്ന നിലയിൽ ഈ പഞ്ചായത്തിൽ 1964 മുതൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ എൺവെയർമെന്റൽ സാനിട്ടേഷൻ പ്രോഗ്രാം നടത്തിയെന്നു പറയുന്നു. 1996 -ൽ ഇരട്ടക്കുഴി കക്കൂസ് പഞ്ചായത്തിൽ പ്രചരിച്ചു.

വള്ളമുണ്ട പഞ്ചായത്തിൽ - രാത്രി കാലങ്ങളിൽ മാലിന്യങ്ങളും, ഇറച്ചിയുടേയും മറ്റും അവശിഷ്ടങ്ങളും റോഡിലും ആൾത്താമസമില്ലാത്ത പ്രദേശങ്ങളിലും നിക്ഷേപിച്ചുവരുന്നതായി കാണിച്ചിരിക്കുന്നു.

മാനന്തവാടി പഞ്ചായത്തിൽ - മാലിന്യങ്ങൾ പുഴയോരത്ത് നിക്ഷേപിക്കുന്നു. അലക്ഷ്യമായി കൂട്ടിയിടുന്ന ടയർ നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം വച്ചിട്ടുണ്ട്.

തൊണ്ടർനാട് പഞ്ചായത്തിൽ-ജനവാസമില്ലാത്ത സ്ഥലം ഏറ്റെടുത്ത് മാലിന്യ സംസ്കരണത്തിന് സൗകര്യം ഒരുക്കുവാൻ നിർദ്ദേശിക്കുന്നു. മുള്ളൻകൊല്ലി പഞ്ചായത്തിൽ - അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇവിടേക്ക് വരുന്ന മദ്യത്തിന്റെ പാഴ് കവറുകൾ സമീപ പ്രദേശത്തെ റോഡുകളിലും, തെരുവുകളിലും, ഓടകളിലും അടിഞ്ഞു കൂടുന്നത് ശാശ്വതമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി പറഞ്ഞിരിക്കുന്നു.

നെന്മേനി പഞ്ചായത്തിൽ - പഞ്ചായത്തുകളുടെ നിർദ്ദേശ പ്രകാരം ലഘുലേഘകൾ, ബാനറുകൾ, ചുവരെഴുത്തുകൾ, പ്രദേശിക വാർത്ത വിനിമയ മാധ്യമങ്ങൾ, സൈക്കിൾ റാലി തെരുവ് നാടകം, ഫിലിം പ്രദർശ്ശനം എന്നീ മാർഗ്ഗങ്ങളിലൂടെ ബോധ വൽക്കരണം എന്നിവ നടത്താവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

ഇരുപത്തിയഞ്ച് പഞ്ചായത്തുകളുടേയും സമീപന രേഖകളിൽ വളരെയധികം പോരായ്മകൾ ഉള്ളതായിട്ടാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. എങ്കിൽ പോലും ഇത്തരമൊരു രേഖ ഉണ്ടാക്കി എന്നുള്ളതിൽ മുഴുവൻ പഞ്ചായത്തുകളെയും അഭിനന്ദിക്കേണ്ടിയിരിക്കുന്നു. പോരായ്മകൾ പരമാവധി പരിഹരിച്ച് ഒരു മാതൃകാ സമീപന പദ്ധതി ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു.